Ace money™
elaria The grade one soap
ROYAL DRIVE
Steelbird Helmets

# സെയ്ൽസിൽ ഫോക്കസ് ചെയ്ത് സെയിൽസ് ഫോക്കസ്



സ്ഥാപനം: സെയ്ൽസ് ഫോക്കസ്
സാരഥി: മനോദ് മോഹൻ
ആസ്ഥാനം: എറണാകുളം
തുടക്കം: 2014

ഏതൊരു സ്ഥാപനത്തിന്റെയും അവിഭാജ്യ ഘടകമാണ് മാർക്കറ്റിങ് ടീം. പൊള്ളുന്ന വെയിലും പൊടിയും സഹിച്ച് നഗരത്തിന്റെ തിരക്കിലൂടെ അലയുന്ന സെയിൽസ് എക്സിക്യൂട്ടീവുകൾ നിത്യ കാഴ്ചയാണ്. ഉപഭോക്താക്കളുടെ അടുത്തെത്തി തങ്ങളുടെ ഉൽപന്നങ്ങളേയും സേവനങ്ങളേയും പരിചയപ്പെടുത്തുന്നവർ.

സെയിൽസ് എക്സിക്യൂട്ടീവുകളുടെ ജോലി എളുപ്പമാക്കാക്കുന്നതിനായി വിവിധ കമ്പനികൾക്കുള്ള ഉപാധിയായാണ് സെയിൽ ഫോകസ് എന്ന ആപ്ലിക്കേഷൻ മനോദ് മോഹൻ എന്ന സംരംഭകൻ രൂപപ്പെടുത്തിയത്.

## മാർക്കറ്റിങ് ഈസി ആക്കാൻ

സെയിൽസ് എക്സിക്കുട്ടീവ്സിന്റെ ജോലി ക്രമീകരിക്കാനും ഓരോ റൂട്ടിലുമുള്ള ഉപഭോക്താക്കളെ കണ്ടെത്താനും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സാധിക്കും. ജോലി സമയം തുടങ്ങുന്നതു മേലുദ്യോഗസ്ഥർക്ക് അറിയാനും മുഴുവൻ ദിവസത്തെയും പ്രവർത്തനം ക്രമീകരിക്കാനും രേഖപ്പെടുത്താനും ഇതിൽ സംവിധാനമുണ്ട്. ഓരോ കൂടിക്കാഴ്ചയ്ക്കും ശേഷം ഉപഭോക്താവിന്റെ വിശദാംശങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ തന്നെ അപ്ഡേറ്റ് ചെയ്യാം. ഇവരിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ഉൽപന്നങ്ങളുടെ മികവു പരിശോധിക്കാനും സാധിക്കും.

salesfokuz Leads to Sales

> സെയിൽസ് എക്സിക്യൂട്ടീവുകളുടെ ജോലി എളുപ്പമാക്കാക്കുന്നതിനായി വിവിധ കമ്പനികൾക്കുള്ള ഉപാധിയായാണ് സെയിൽ ഫോകസ് എന്ന ആപ്ലിക്കേഷൻ മനോദ് മോഹൻ എന്ന സംരംഭകൻ രൂപപ്പെടുത്തിയത്

## അകലം അടുപ്പമാക്കാൻ ഫോക്കസ്

കോവിഡും ലോക്ഡൗണും എല്ലാ സംരംഭങ്ങളെയും തളർത്തിയപ്പോഴും പുത്തൻ ആശയങ്ങൾ തേടുകയായിരുന്നു സെയ്ൽസ് ഫോക്കസ്. ബിസിനസ് ആവശ്യങ്ങൾക്കായി അമേരിക്കയിലെത്തി, ലോക്ഡൗണിൽ അവിടെ കുടുങ്ങിയ മനോദ്, ഫോക്കസ് എന്ന വീഡിയോ കോൺഫറൻസ് ആപ്ലിക്കേഷന് രൂപം നൽകി. ആൻഡ്രോയ്ഡ്, ഐഒഎസ്, വിൻഡോസ്, മാക്ഒഎസ് എന്നീ പ്ലാറ്റ്ഫോമുകളിലും ഫോക്കസ് ആപ്പ് ലഭ്യമാണ്. സുരക്ഷിതവും സ്വകാര്യതാ മാനദണ്ഡങ്ങൾ പാലിച്ചും വീഡിയോ കോഫറൻസിംഗ് ഉറപ്പാക്കുകയാണ് ഫോക്കസ്. യൂസർ നെയിം, ബ്രൗസർ വിവരങ്ങൾ, ഐപി അഡ്രസ്, പങ്കെടുത്ത സമയം, ലൊക്കേഷൻ അടക്കമുള്ള വിവരങ്ങൾ കോഫറൻസിന് ശേഷം വിശദമായ റിപ്പോർട്ടായി ആപ്പ് നൽകും.

സംരംഭകരേയും സാധാരണക്കാരെയും സഹായിക്കുന്ന തരത്തിലുള്ള പുത്തൻ ആശയങ്ങൾ തേടിയുള്ള യാത്രയിലാണ് സെയ്ൽസ് ഫോക്കസ്. മനോദ് തന്റെ സ്റ്റാർട്ടപ്പിന് ഇട്ട പേര് പോലെ, "സ്കൈ ഈസ് ലിമിറ്റ്".